ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത നിർമ്മാണത്തിനായി 2015-16 വർഷത്തിൽ ഇക വകയിരുത്തിയിട്ടില്ല. പുതിയ മത്സ്യബന്ധന ഇറമുഖങ്ങളുടെ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ 4405-00-104-83-ഇൻവെസ്റ്റിഗേഷൻ ഓഫ് ന്യൂ ഫിഷറി ഹാർബേഴ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയാണ് നടത്തിവരുന്നത്. ടി ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത ഇറമുഖം നിർമ്മിക്കുന്നതിന് നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് സാദ്ധ്യത പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ചത്. ടി മത്സ്യബന്ധന ഇറമുഖത്തിന്റെ സാദ്ധ്യത ഉറപ്പുവരുത്തുന്നതിന് ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി സ്റ്റഡി ആവശ്യമായിട്ടുണ്ട്. ആയതിനായി മാതൃകാ പഠനം, ഇ.ഐ.എ. പഠനം ഉടങ്ങിയവ ആവശ്യമാണ്. അന്വേഷണ ഗവേഷണങ്ങൾക്കുള്ള 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പഠനം ഉടനെ ആരംഭിക്കുന്നതാണ്.

വൈപ്പിനിലെ ഓഷ്യനേറിയം പദ്ധതി

74(5659) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതിക്കായി പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിന് സ്റ്റേറ്റ് എൻവയൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 15 കാര്യങ്ങൾ വിശദീകരണം തേടിക്കൊണ്ട് ഫിർമയ്ക്ക് കത്ത് ലഭിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ സ്റ്റേറ്റ് എൻവയൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിക്ക് നൽകിയ വിശദീകരണം എന്തൊക്കയാണെന്ന് വിശദമാക്കാമോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) കത്ത് ലഭിച്ചിട്ടില്ല. എന്നാൽ സർവ്വേ നമ്പരിലുണ്ടായ പിശക് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതനുസരിച്ച് 5-6-2014-ന് ഫിർമ മറുപടി സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly